യേശുക്രിസ്തുവിൻ വചനം മൂലം
നീയിന്നെത്രയോ ധന്യനായ് തീർന്നു
എൻറെ യേശുവിൻ രുധിരം മൂലം
നീയിന്നെത്രയോ മാന്യനായ് തീർന്നു

ലോക ഇമ്പങ്ങൾ തേടി നീ അലഞ്ഞു
സുഖഭോഗങ്ങളിൽ നീ രസിച്ചു
നിത്യരക്ഷകനേശുവിൻ സ്നേഹം
തിരിച്ചറിയാതെ ഭോഗിയായ് തീർന്നു
യേശു...1
നീതിയിൻ പാതയെ കൈവെടിഞ്ഞു
പാപരാഗങ്ങൾക്കടിമയായ് തീർന്നു
നിൻറെ സമ്പത്തുമൈശ്വര്യമെല്ലാം
പോയി നീയൊരു രോഗിയായ് മാറി
യേശു...1
സത്യസുവിശേഷദൂതു നീ കേട്ടു
നിൻറെ മനസ്സിൻറെ പൂട്ടു തുറന്നു
ക്രിസ്തൻ ക്രൂശിൻറെ അർത്ഥമറിഞ്ഞു
നീയോ ത്യാഗിയായ് രൂപാന്തരത്താൽ
യേശു...1
അനുതാപ വിവശതയാർന്നൂ
ചുടുകണ്ണീർ നിരന്തരം പെയ്തു
നീയിന്നു സുവിശേഷവാഹി
യോഗി, ക്രിസ്തൻ വരവിൽ പറക്കും

യേശു...2, എൻറെ...2, യേശു...1
yesukristhuvin vachanam moolam
neeyinnethrayo dhanyanaay theernnu
ente yesuvin rudhiram moolam
neeyinnethrayo maanyanaay theernnu

loka impangngal theti nee alanjnju
sukhabhogangngalil nee rasichchu
nithyarakshakanesuvin sneham
thirichcharriyaathe bhogiyaay theernnu
yesu...1
neethiyin paathaye kaivetinjnju
paaparaagangngalkkatimayaay theernnu
ninte sampaththumaisvaryamellaam
poyi neeyoru rogiyaay maarri
yesu...1
sathyasuviseshadoothu nee kettu
ninte manassinte poottu thurrannu
kristhan kroosinte arththhamarrinjnju
neeyo thyaagiyaay roopaantharaththaal
yesu...1
anuthaapa vivasathayaarnnoo
chutukanneer nirantharam peythu
neeyinnu suviseshavaahi
yogi, kristhan varavil parrakkum

yesu...2, ente...2, yesu...1